# അവസാനത്തെ നബി

മുഹമ്മദ് നബി (ﷺ) അവസാനത്തെ നബിയാണ്. അദ്ദേഹത്തോടു കൂടി നബി മാരുടെ പരമ്പര അവസാനിച്ചു. ഇനി ഒരു നബി ഈ ലോകത്ത് വരികയില്ല. മുഹമ്മദ് നബി(ﷺ)ക്ക് മുമ്പ് വന്ന നബിമാർ കൊണ്ടു വന്ന വേദ ഗ്രന്ഥങ്ങളും അവർ പഠിപ്പിച്ച കാര്യങ്ങളും ശരിയായ രൂപത്തിൽ ഇന്ന് നിലനിൽക്കുന്നുമില്ല. എന്നാൽ മുഹമ്മദ് നബി(ﷺ)ക്ക് അവതരിപ്പിക്കപ്പെട്ട ക്വുർആനും അദ്ദേഹത്തി ൻെറ ചര്യയും ലോകാവസാനം വരെ നിലനിൽക്കുന്നു. അദ്ദേഹം എല്ലാ സമുദായങ്ങൾക്കും എല്ലാ രാജ്യക്കാർക്കുമുള്ള പ്രവാചകനാണ്. എല്ലാവരും മുഹമ്മദ് നബി(ﷺ)യുടെ പ്രവാചകത്വത്തിൽ വിശ്വസിക്കേണ്ടതുണ്ട്. അതു പോലെ ലോകാവസാനം വരെയുള്ള മനുഷ്യരെല്ലാം അദ്ദേഹത്തെ പിന്തുടർന്നു ജീവിക്കേണ്ടതുമുണ്ട്.

ഈ ലോകത്ത് നമുക്ക് നന്മ ലഭിക്കണം. പരലോകത്തും നന്മ ലഭിക്കണം. അതി നു വേണ്ടി നാം ചെയ്യേണ്ട പുണ്യകർമ്മങ്ങൾ നമ്മെ പഠിപ്പിക്കാനാണ് നബി (ﷺ) വന്നത്. ആ കർമ്മങ്ങൾ ഒന്നൊഴിയാതെ അദ്ദേഹം നമ്മോട് കൽപിച്ചിട്ടുണ്ട്, ചെയ്തു കാണിച്ചിട്ടുമുണ്ട്. അതിനു ശേഷമാണ് അദ്ദേഹം ഈ ലോകം വിട്ടു പോയത്. അതിനാൽ അദ്ദേഹം മാതൃക കാണിച്ചിട്ടില്ലാത്ത ഒരു കാര്യവും പുണ്യകർമ്മമായി നമുക്ക് ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്യുന്നത് അദ്ദേഹത്തി ൻെറ കല്പന ധിക്കരിക്കലാണ്. ഈ കാര്യം നാം എപ്പോഴും ഓർമിക്കണം.

എത്ര ബുദ്ധിമുട്ടുകൾ സഹിച്ചു കൊണ്ടാണ് നബി(ﷺ) ജനങ്ങളെ ഇസ്‌ലാമി ലേക്ക് ക്ഷണിച്ചത്? അവർ അദ്ദേഹത്തിൻെറ നേരെ വാളെടുത്തു. ശരീരത്തിൽ നി ന്ന് ചോര ഒഴുക്കി. ഭ്രാന്തനെന്നും കള്ളവാദിയെന്നും വിളിച്ച് അപമാനിച്ചു. അവസാനം ജനിച്ച നാട്ടിൽ നിന്ന് അദ്ദേഹത്തിന് ഒഴിഞ്ഞുപോകേണ്ടി വന്നു. നബി (ﷺ) ഈ ത്യാഗമെല്ലാം സഹിച്ചത് എന്തിനു വേണ്ടിയായിരുന്നു? ദീനുൽ ഇസ്‌ലാമി നെ നമുക്ക് എത്തിച്ചു തരാൻ വേണ്ടിയല്ലേ? അതെ, നമുക്ക് സ്ഥിരമായി താമസി ക്കാവുന്ന സ്വർഗം നേടിയെടുക്കുവാൻ വേണ്ടി. അപ്പോൾ നമുക്ക് വേണ്ടി കഷ്ടപ്പാടുകൾ സഹിച്ച നമ്മുടെ നബിയെ നാം അനുസരിക്കേണ്ടതില്ലേ? നമ്മുടെ ജീവനെക്കാളേറെ അദ്ദേഹത്തെ നാം സ്നേഹിക്കേണ്ടതില്ലേ? അദ്ദേഹത്തി നു വേണ്ടി നാം എപ്പോഴും പ്രാർത്ഥിക്കേണ്ടതില്ലേ? തീർച്ചയായും ഉണ്ട്.

എന്നാൽ ഏതു വിധത്തിലാണ് നാം നബിയോട് സ്നേഹം പ്രകടിപ്പിക്കേണ്ടത്? അദ്ദേഹത്തിന്റെ ജീവിതചര്യ നമ്മുടെ ജീവിതത്തിൽ പകർത്തിക്കൊണ്ട്. എത്ര ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നാലും നബി (ﷺ) പഠിപ്പിച്ച വിശ്വാസങ്ങളും കർമ്മങ്ങളും നാം ജീവിതത്തിൽ പകർത്തുക. അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും നബി (ﷺ) നടത്തിയ പോരാട്ടം നാം തുടർന്നു നടത്തുക. അതുവഴി നാം സ്വർഗാവകാശികളായിത്തീരുക. അതിനേക്കാൾ സന്തോഷമുണ്ടാക്കുന്ന മറ്റൊരു കാര്യവും നബി(ﷺ)ക്കില്ല. കാരണം അതിനു വേണ്ടിയാണ് അദ്ദേഹം നബിയായി വന്നത്. എന്നാൽ ഇന്നു ചിലർ അദ്ദേഹം വിരോധിച്ച അനാചാരങ്ങൾ പ്രവൃത്തിക്കുന്നു. എന്നിട്ടു തങ്ങൾ നബി(ﷺ)യെ സ്നേഹിക്കുകയാണെന്ന് വാദിക്കുകയും ചെയ്യുന്നു. ഫലത്തിൽ അവർ നബി(ﷺ)യെ ധിക്കരിക്കുകയാണ് ചെയ്യുന്നത്. നരകത്തിലേക്കുള്ള മാർഗമാണവർ സ്വീകരിച്ചിരിക്കുന്നത്.